വൈദ്യുതി ചാർജ്ജ് വർദ്ധന

37 (2238) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നിലവിൽ വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഇതുമായി ബന്ധപ്പെട്ട് എന്തെല്ലാം നിർദ്ദേശങ്ങളാണുള്ളതെന്ന് വിശദമാക്കുമോ?

ഉത്തരം

2015-16 സാമ്പത്തിക വർഷത്തേക്ക് വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങളൊന്നുംതന്നെ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ മുമ്പാകെ നൽകിയിട്ടില്ല. 2015-16 സാമ്പത്തിക വർഷത്തേയ്ക്കുള്ള പ്രതീക്ഷിത വരവുചെലവ് കണക്കുകളെ സംബന്ധിച്ച് ARR&ERC പെറ്റീഷൻ കെ.എസ്.ഇ.ബി.ലി. റെഗുലേറ്ററി കമ്മീഷൻ മുമ്പാകെ ഫയൽ ചെയ്തിട്ടുണ്ട്. ആയതിന്മേൽ കമ്മീഷൻ തീരുമാനമെടുത്തിട്ടില്ല. ഫ്യുവൽ സർചാർജ്ജ് റെഗുലേഷനു വിധേയമായി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന് 2014-15 സാമ്പത്തിക വർഷത്തേക്ക് 2014 ഏപ്രിൽ മുതൽ ജൂൺവരെയുള്ള കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ അംഗീകരിച്ച വിവിധ സ്രോതസ്സുകളിൽ നിന്നും വൈദ്യുതി വാങ്ങിയ ഇനത്തിൽ ഇന്ധന വിലയിലുണ്ടായ അധിക ബാധ്യതയായ 32.39 കോടി രൂപ ഇന്ധന സർചാർജ്ജായി ഈടാക്കാൻ അനുവദിക്കണമെന്ന് 21-10-2014-ൽ കമ്മീഷൻ മുമ്പാകെ ബോർഡ് പെറ്റീഷൻ സമർപ്പിച്ചിട്ടുണ്ട്. ഇതിന്മേൽ റെഗുലേറ്ററി കമ്മീഷൻ 8-1-2015-ലെ ഉത്തരവു പ്രകാരം തീർപ്പുകല്പിക്കുകയും 32.05 കോടി രൂപ അധിക ബാധ്യതയായി അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ടി യുക ഉടനടി സർചാർജ്ജായി ഈടാക്കുന്നതിന് അനുമതി നൽകിയിട്ടില്ല. എന്നാൽ ടി യുക വരും പാദവർഷങ്ങളിൽ കമ്മീഷൻ അംഗീകരിച്ചേക്കാവുന്ന ഇന്ധന സർചാർജ്ജിനൊപ്പം ഈടാക്കാമെന്ന് സമ്മതിച്ചിട്ടുണ്ട്. കൂടാതെ, 2014 ജൂലൈ മുതൽ 2014 സെപ്റ്റംബർ വരെയുള്ള കാലയളവിലുണ്ടായ അധിക ബാധ്യതയായ 34.95 കോടി രൂപ നികത്തുന്നതിനുവേണ്ടി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്

LIBRARY ARCHIVES Kerala Legislative Assembly

25-11-2014 -ൽ കമ്മീഷനു മുമ്പാകെ പെറ്റീഷൻ സമർപ്പിച്ചിട്ടുണ്ട്. 2014 ഒക്ടോബർ മുതൽ ഡിസംബർ വരെയുള്ള കാലയളവിലേയ്ക്ക് സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ അംഗീകരിച്ച വിവിധ സ്രോതസ്സുകളിൽനിന്നും വൈദ്യുതി വാങ്ങിയ ഇനത്തിലുണ്ടായ , അധിക ബാധ്യതയായ 44.55 കോടി രൂപ ഇന്ധന സർചാർജ്ജായി ഈടാക്കാൻ അനുവദിക്കണമെന്ന് 17-4-2015-ൽ കമ്മീഷൻ മുമ്പാകെ പെറ്റീഷൻ സമർപ്പിച്ചിട്ടുണ്ട്. ടി പെറ്റീഷനുകളുടെമേൽ സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ തെളിവെടുപ്പ് നടത്തിയെങ്കിലും അന്തിമ ഉത്തരവുകളൊന്നുംതന്നെ പുറപ്പെടുവിച്ചിട്ടില്ല. 2015 ജനുവരി മുതൽ 2015 മാർച്ച് വരെയുള്ള കാലയളവിലേയ്ക്ക് സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ അംഗീകരിച്ച വിവിധ സ്രോതസ്സുകളിൽനിന്നും വൈദ്യുതി വാങ്ങിയ ഇനത്തിൽ ഇന്ധന വിലയിലുണ്ടായ അധിക ബാധ്യതയായ 43.85 കോടി രൂപ ഇന്ധന സർചാർജ്ജായി ഈടാക്കാൻ അനുവദിക്കുന്നതിനായി 21-5-2015-ൽ കെ.എസ്.ഇ.ബി.ലി. കമ്മീഷൻ മുമ്പാകെ സമർപ്പിച്ചിട്ടുള്ള പെറ്റീഷനുമേലും റെഗുലേറ്ററി കമ്മീഷൻ തീരുമാനം എടുത്തിട്ടില്ല.

വൈദ്യുതി ഉല്പാദനം

38(2239) <u>ശ്രീ. വി. ചെന്താമരാക്ഷൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി മേഖലയിൽ ഉൽപ്പാദനം ഉപഭോഗത്തിനാവശ്യമായ രീതിയിൽ സാദ്ധ്യമാകുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ സർക്കാരിന്റെ കാലയളവിൽ ഓരോ വർഷവും ഉപഭോഗ ആവശ്യത്തിനനുസരിച്ച് ഉൽപ്പാദനം നടത്താൻ സാധിക്കാതിരുന്നതിന്റെ അന്തരം യൂണിറ്റടിസ്ഥാനത്തിൽ വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) സാധ്യമാകുന്നില്ല. കേരളത്തിന്റെ ആഭ്യന്തരോല്പാദനവും കേന്ദ്ര വിഹിതവും പുറമെ നിന്നുള്ള വൈദ്യുതിയും ഉപയോഗിച്ചാണ് സംസ്ഥാനത്തിന്റെ ഊർജ്ജാവശ്യം നിറവേറ്റുന്നത്.

LIBRARY ARCHIVES Kerala Legislative Assembly